3. ഇല്ലിത്തോട് അമ്പലപ്പാറ റോഡ് 0.81 കി.മീ.

അനുവദിച്ച തുക: 51.22 ലക്ഷം

2014-2015 : ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളെല്ലാം പൂർത്തീകരിക്കാനുണ്ട്.

പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള ഉദുമ മണ്ഡലത്തിലെ റോഡുകൾ

10 (1378) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഉദുമ മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; റോഡുകളുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 12 പ്രവൃത്തികളിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ള 3 പ്രവൃത്തികളിൽ മൂന്നാം മൈൽ-പേരിയ റോഡ് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചാലിങ്കാൽ-കായക്കുളം റോഡ് പെരിയാ പ്ലാന്റേഷൻ -തന്നോട്ട് റോഡ് എന്നീ റോഡുകൾ ആവശ്യമായ വീതിയിൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ റോഡുകൾ

11 (1379) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾ അമ്പലപ്പുഴ മണ്ഡലത്തിൽ മുടങ്ങിക്കിടപ്പുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽനിന്നും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും റോഡുകളുടെ പ്രൊപ്പോസലുകൾ നിലവിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നതിന് തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) പി.എം.ജി.എസ്.വൈ.-II ന്റെ ഒന്നാം വർഷ പദ്ധതിയിലേയ്ക്ക് ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) അംഗീകരിച്ച ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (ഡി.ആർ.ആർ.പി.) ലിസ്റ്റിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ 3 റോഡുകൾ (1 റെയിൽവേ-ഗ്രൗമന്ദിരം, 2. ചക്കിട്ടപ്പറമ്പ്-കുണ്ണനാംക, 3. പ്രാമൂട്ടിൽ ജംഗ്ഷൻ-കായിപ്പള്ളി ക്ഷേത്രം) ഉൾപ്പെട്ടിട്ടുണ്ട്. ഈ റോഡുകൾക്ക് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരമുള്ള വീതി, ഉപരിതല അവസ്ഥ, ഉപയോഗ്യത ഉണ്ടെങ്കിൽ മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി റോഡിന് പ്രൊപ്പോസൽ നൽകാനാവൂ.

(ഡി) കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (എൻ.ആർ.ആർ.ഡി.എ.) നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ കോപ്പി അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

മലയോര വികസന ഏജൻസി

12 (1380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസി (HADA) എന്നാണ് രൂപീകരിച്ചത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഘടനാരൂപം എന്നിവ വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly